<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2763</u> <u>28-02-2023 - ൽ മറുപടിയ്ക്ക്</u>

<u>ഉന്നതി പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പുകളുടെ വികസന, വിദ്യാഭ്യാസ, ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള ഉന്നതി പദ്ധതിയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ? | (എ) | പട്ടികജാതി, പട്ടികവർഗ പിന്നാക്ക ക്ഷേമ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളെ, പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളുടെയും നിർവഹണ രീതികളുടെയും സമാന സ്വഭാവ സവിശേഷതകൾ കണക്കിലെടുത്തു കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിനും ഇതിലൂടെ ഈ വിഭാഗക്കാരെ സമൂഹത്തിന്റെ ഉന്നതിയിലെത്തിക്കുന്നതിനുമാണ് 'ഉന്നതി' എന്ന പൊതുനാമധേയം സ്വീകരിച്ചിട്ടുള്ളത്. വകുപ്പുകളുടെ വിവിധ പദ്ധതികൾ ഉന്നതി പദ്ധതിയിൽ വരുന്നു. വിംഗ്സ് പദ്ധതി, സേഫ് പദ്ധതി, ഹോം പദ്ധതി, ട്രേസ് പദ്ധതി, ജ്വാല പദ്ധതി, ഗ്രീൻ ഇൻകം പദ്ധതി തുടങ്ങിയവ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന നൂതന പദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ